(സി) 3,16,000 എൽ.പി.ജി.

(ഡി) അധിക സംഭരണ നാളുകളിൽ പ്രത്യേകിച്ചും മഴക്കാലത്തും തണുപ്പു കാലത്തും സ്ഥാപിത ശേഷിയിലധികം പാൽ ഓരോ ചില്ലിംഗ് പ്ലാന്റിലും ചിൽ ചെയ്യേണ്ടിവരുന്നു.

**മിൽമ സെയിൽസ് ഏജന്റുമാർക്ക് ലഭിക്കുന്ന കമ്മീഷൻ**

95 [3376] ശ്രീ. വി. ജെ. ഫൗലോസ്:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ഡി. അപ്പച്ചൻ:
„ ടി. എച്ച്. മുസ്തഫ:
„ കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ സെയിൽസ് ഏജന്റുമാർക്ക് അര ലിറ്റർ കവറിന്മേൽ എന്തു കമ്മീഷൻ കൊടുക്കുന്നുണ്ട്;

(ബി) മിൽമയുടെ മറ്റെന്തെല്ലാം ഉല്പന്നങ്ങളാണ് അവർ വിൽക്കുന്നത്;

(സി) ഇവയ്ക്കെല്ലാം കൊടുക്കുന്ന കമ്മീഷൻ എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ ഉല്പന്നങ്ങൾ വിൽക്കുന്നവർക്ക് സെയിൽസ് പ്രൊമോഷൻ നടപടിയെന്ന നിലയിൽ എന്തെല്ലാം പ്രോൽസാഹനങ്ങൾ നൽകുന്നുണ്ട്;

(ഇ) മിൽമ സെയിൽസ് ഏജന്റുമാരുടെ ക്ഷേമത്തിനു വേണ്ടി എന്തെല്ലാം പരിപാടികൾ നിലവിലുണ്ട്;

(എഫ്) അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ) 26 പൈസ.

(ബി) വിവിധതരം പാലുകൾ, തൈര്, സംഭാരം, നെയ്യ്, ബട്ടർ, ഐസ്ക്രീം, പേഡ, സിപ്പ്-അപ്പ്, ഫ്ളേവേർഡ് മിൽക്ക്, ലസ്സി, ഡയറി വൈറ്റ്നർ, പനീർ മുതലായവ.

(സി) മിൽമയുടെ ടോൺഡ് മിൽക്കിന് ഒരു ലിറ്ററിന് 52 പൈസയും, സ്റ്റാൻഡേർഡൈസ്ഡ് പാലിന് ഒരു ലിറ്ററിന് 64 പൈസയും, ഡബിൾ ടോൺഡ് പാലിന് ഒരു ലിറ്ററിന് 48 പൈസയുമാണ് ഏജൻസി കമ്മീഷൻ. 80 രൂപ എം.ആർ.പി.-യുള്ള 500 ഗ്രാം നെയ്യുടെ റീട്ടെയിൽ കമ്മീഷൻ 8 രൂപ 50 പൈസയും ഹോൾസെയിൽ കമ്മീഷൻ 2 രൂപ 75 പൈസയുമാണ്. 68 രൂപ വില്പന വിലയുള്ള 500 ഗ്രാം ബട്ടറിന് റീട്ടെയിൽ കമ്മീഷൻ 7 രൂപ 55 പൈസയും ഹോൾസെയിൽ കമ്മീഷൻ 2 രൂപ 65 പൈസയുമാണ്. 3 രൂപ 50 പൈസ വില്പനവിലയുള്ള സംഭാരത്തിന് 85 പൈസയും 1 രൂപ 50 പൈസ വില്പന വിലയുള്ള സിപ്പ്-അപ്പിന് 30 പൈസയും 10 രൂപ വില്പന വിലയുള്ള മിൽമ പ്ലസ് ഫ്ളേവേർഡ് മിൽക്കിന് 1 രൂപ 50 പൈസയും ഏജൻസി കമ്മീഷനായി നൽകുന്നുണ്ട്.

(ഡി) സെയിൽസ് പ്രമോഷനുമായി ബന്ധപ്പെട്ട് പ്രത്യേക ഓഫറുകൾ നൽകുമ്പോൾ മാത്രം നിശ്ചിത കാലയളവിലേക്ക് മാത്രമായി ചില ആനുകൂല്യങ്ങൾ നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ, എഫ്) 1-7-2000 മുതൽ നിലവിലുണ്ടായിരുന്ന ഏജൻസി കമ്മീഷനായ ഒരു ലിറ്റർ പാലിന് 45 പൈസ എന്നുള്ളത് 52 പൈസയായി വർദ്ധിപ്പിക്കുകയും ഇതിൽനിന്ന് രണ്ടു പൈസ മാറ്റി വച്ച് മിൽമാ ഏജന്റുമാർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വേണ്ടിയുള്ള തീരുമാനം എടുക്കുകയുമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2001 ഏപ്രിൽ മുതൽ ഏജന്റുമാർ വിൽക്കുന്ന പാലിന്റെ കമ്മീഷനിൽ നിന്നും 2 പൈസ മാറ്റി വച്ചത് അവരുടെ ആവശ്യപ്രകാരം പ്രസ്തുത തുക തിരികെ നൽകുകയും 2002 ഒക്ടോബർ 1-നുശേഷം ഏജന്റുമാർ പാൽവില അടയ്ക്കുമ്പോൾ ഒരു ലിറ്ററിന് മൊത്തം കമ്മീഷൻ തുകയായ 52 പൈസ കഴിച്ചുള്ള ബാക്കി പൈസ മാത്രം അടച്ചാൽ മതിയെന്ന് തീരുമാനിക്കുകയും ചെയ്തു. അതിനാൽ മിൽമയുടെ ഭാഗത്തുനിന്നും ഏജന്റുമാർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല.

കേരള വെറ്ററിനറി യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിന് നടപടി

96 [3377] ശ്രീ. കെ. കെ. ഷാജു:
„ എ. എൻ. രാജൻബാബു:
„ ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി രൂപീകരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(ബി) നിലവിൽ ഇന്ത്യയിൽ ഏതൊക്കെ സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റികൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങളോ പഠന റിപ്പോർട്ടുകളോ സർക്കാരിന്റെ മുമ്പിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇന്ത്യയിൽ മഹാരാഷ്ട്ര, തമിഴ്നാട്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ വെറ്ററിനറി യൂനിവേഴ്സിറ്റികൾ നിലവിലുണ്ട്.

(സി) സംസ്ഥാനത്ത് ഒരു വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബ്ലൂ ക്രോസ് സൊസൈറ്റി ഓഫ് തൃശൂർ സർക്കാരിന് ഒരു നിവേദനം നൽകിയിരുന്നു. സംസ്ഥാനത്ത് പുതിയ വെറ്ററിനറി യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിനോട് ഐ. സി.എ.ആർ. അനുകൂലമല്ലെന്ന് കാർഷിക സർവകലാശാല സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly-